<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2387 13/02/2013 ൽ മറുപടിയ്ക്ക്

<u>മലിനീകരണ നിയന്ത്രണ ബോർഡ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മോൻസ് ജോസഫ് | സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുള്ള മലിനീകരണനിയന്ത്രണ സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്ര വർഷത്തേക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) ബോർഡ് നൽകുന്ന അനുമതിയുടെ കാലാവധി സാധാരണ 3 വർഷമാണ്. സ്ഥാപനങ്ങളെ മലിനീകരണ സാധ്യത അനുസരിച്ച് red, organge, green എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചാണ് അനുമതി നൽകുന്നത്. ഓറഞ്ച് വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് 6 വർഷം വരെയും ഗ്രീൻവിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് 9 വർഷം വരെയും കാലാവധിക്ക്, അത്രയും വർഷത്തേക്കുള്ള ഫീസ് ഒടുക്കുന്ന പക്ഷം അനുമതി നൽകുന്നതാണ്. |
| (ബി) ഓരോവർഷം കഴിയും തോറും ഇവ പുതുക്കി നൽകുമ്പോൾ പ്രദേശത്തെ ജനങ്ങളുടെ പരാതികൾ പരിശോധിക്കാറുണ്ടോ; | (ബി) പരിശോധിക്കാറുണ്ട്. |
| (സി) റസിഡന്റ്സ് അസ്സോസിയേഷനുകൾ ഇതു സംബന്ധിച്ച് എതിർപ്പ് അറിയിച്ചാൽ ബോർഡ് എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്; | (സി) റസിഡന്റ്സ് അസോസിയേഷനുകൾ പരാതി നൽകിയാൽ അതിന്മേൽ അന്വേഷണം നടത്തുകയും, പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം പഞ്ചായത്തിൽ റസിഡന്റ്സ് അസ്സോസ്സിയേഷന്റെ എതിർപ്പ് അവഗണിച്ച് ഏതെങ്കിലും പദ്ധതികൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഏതു പദ്ധതിയ്ക്ക്; അസ്സോസ്സിയേഷന്റെ പരാതിയിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (ഡി) | 2006 മുതൽ ഗാന്ധിപുരത്ത് പ്രവർത്തിച്ചുവരുന്ന മോഡേൺ ഫുഡ് പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിനെതിരെ 15/02/2012-ൽ ഗാന്ധിപുരം റസിഡന്റ്സ് അസോസിയേഷനിലെ 13 പേർ ഒപ്പിട്ട പരാതി ലഭിച്ചു. തുടർന്ന് ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസർ സ്ഥാപന ഉടമയേയും പരാതിക്കാരെയും വിളിച്ചു ഹിയറിംഗ് നടത്തി. ഹിയറിംഗ് തീരുമാനപ്രകാരം 06/02/2013-ൽ സ്ഥലപരിശോധന നടത്തിയപ്പോൾ ടി സ്ഥാപനം അടഞ്ഞു കിടക്കുന്നതായി കണ്ടു. അന്വേഷണത്തിൽ ടി സ്ഥാപനം പ്രസ്തുത സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി സ്ഥാപന ഉടമ അറിയിച്ചു. സ്ഥാപനം മാറ്റി സ്ഥാപിക്കുന്ന വിവരം രേഖാമൂലം ബോർഡിൽ അറിയിക്കണമെന്ന് ഉടമയോട് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ